**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5667** **08-11-2021 - ൽ മറുപടിയ്ക്ക്**

**സർക്കാരിന്റെ ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി സാമൂഹ്യ സുരക്ഷ വികസനമേഖലകളിലും ആരോഗ്യ, വിദ്യാഭ്യാസമേഖലകളിലും കാർഷിക അനുബന്ധമേഖലകളിലുമുള്ള ചെലവ് മുൻസർക്കാരുകളെ അപേക്ഷിച്ച് എത്രശതമാനം അധികമായി വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2011-12 മുതൽ 2015-16 വരെ വിദ്യാഭ്യാസം, വൈദ്യസഹായം, പൊതുജനാരോഗ്യം എന്നിവയുൾപ്പെടുന്ന സാമൂഹ്യ സേവന വികസന മേഖലയിലും കാർഷികാനുബന്ധ വികസന മേഖലയിലുമായി ആകെ 130667.6 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതേ വികസന മേഖലകളി.ൽ 2016-17 മുത.ൽ 2020-21 വരെ 227469.72 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് മു.ൻ സർക്കാരിന്റെ കാലയളവിനെ അപേക്ഷിച്ച് 74.08% വർദ്ധനവാണ് രേഖപ്പെടുത്തുന്നത്. |
| (ബി) | ഭക്ഷ്യപൊതുവിതരണം, നെല്ല്സംഭരണം തുടങ്ങിയ അടിസ്ഥാനമേഖലകളിലെ ചിലവ് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | 2011-12 മുത.ൽ 2015-16 വരെ ഭക്ഷ്യ പൊതുവിതരണം, നെല്ല് സംഭരണം തുടങ്ങിയ മേഖലകളിൽ ആകെ 4888.99 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതേ മേഖലകളിൽ 2016-17 മുത.ൽ 2020-21 വരെ ആകെ 11343.21 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് മുൻ സർക്കാരിന്റെ കാലയളവിനെ അപേക്ഷിച്ച് 132.01% വർദ്ധനവാണ് രേഖപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ